# കേരളസർവകലാശാല

നം.പി.ആർ.141/2021

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാല ജൂലൈ 21 ന് നടത്താനിരുന്ന നാലാം വർഷ ബി.ഫാം. സപ്ലിമെന്ററി, ഡിസംബർ 2020 പ്രാക്ടിക്കൽ/വൈവ പേപ്പർ C – ഫാർമക്കോഗ്നോസി III – ജൂലൈ 23 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) സെപ്റ്റംബർ 2020 പരീക്ഷയുടെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ 08607 – CAD Analysis Lab, 08408 – Machine Tools Lab എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 23ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ (സെപ്റ്റംബർ 2020) 2008 സ്കീം സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "ജിയോടെക്നിക്കൽ എഞ്ചിനീയറിംഗ് ലാബ്", 2013 സ്കീം സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "ജിയോടെക്നിക്കൽ എഞ്ചിനീയറിംഗ് ലാബ് (13707)", "എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ലാബ് (13706)" എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30 തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ഡെസ്. (B.Des) പരീക്ഷകൾ ആഗസ്റ്റ് 31 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2020 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജൂലൈ 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് 2008 സ്കീം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എൽ.ഐ.സി. (എസ്.ഡി.ഇ – 2019 അഡ്മിഷൻ – റെഗുലർ, 2017 & 2018 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്പരിശോധനയ്ക്കും ആഗസ്റ്റ് 4 വരെ അപേക്ഷിക്കാം.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2021 സെപ്റ്റംബർ 6 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.ഡെസ്. (B.Des) പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 30 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 4 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം ജൂലൈ 23, ആഗസ്റ്റ് 9 തീയതികളിൽ ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. (റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി ) ജൂലൈ 2021 പരീക്ഷയ്ക്ക് വാഴിച്ചൽ ഇമ്മാനുവേൽ കോളേജ് പരീക്ഷാകേന്ദ്രം അനുവദിച്ചുകിട്ടിയവരെ പട്ടം ഗവ.ഗേൾസ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ, ധനുവച്ചപുരം വി.റ്റി.എം.എൻ.എസ്.എസ്. കോളേജ് എന്നീ പരീക്ഷാകേന്ദ്രത്തിലേക്ക് മാറ്റിയിരിക്കുന്നു. പ്രസ്തുത വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്ത് പുതിയതായി അനുവദിച്ചിട്ടുള്ള പരീക്ഷാകേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്.

## അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ – അപേക്ഷ ക്ഷണിച്ചു

കേരളസർവകലശാല ഇംഗ്ലീഷ് പഠനവവിഭാഗം നടത്തുന്ന "APGDEC (അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ)" എന്ന പാർട്ട് ടൈം സായാഹ്ന കോഴ്സിലേക്ക് (റീ-നോട്ടിഫിക്കേഷൻ) അപേക്ഷ ക്ഷണിച്ചു. യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. ഫീസ്: 8175/- & പരീക്ഷാഫീസ്, കാലയളവ്: ഒരു വർഷം (തിങ്കൾ മുതൽ വെള്ളി വരെ 5.30 P.M.- 7.30 P.M.). സർവകലാശാല ക്യാഷ് കൗണ്ടറിലോ ഓൺലൈനായോ 30 രൂപ ഒടുക്കിയ ചെലാൻ ഇംഗീഷ് പഠനവകുപ്പിൽ സമർപ്പിച്ച് അപേക്ഷാഫോം കൈപ്പറ്റാവുന്നതാണ്. അപേക്ഷകൾ ജൂലൈ 26 വരെ ഇംഗ്ലീഷ് പഠനവകുപ്പിൽ സ്വീകരിക്കുന്നതാണ്.

## ഫാക്കൽറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം

കേരളസർവകലാശാല വാണിജ്യ വിഭാഗവും ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷന്റേയും (എ.ഐ.സി.ടി.ഇ.) സംയുക്താഭിമുഖ്യത്തിൽ ആഗസ്റ്റ് 2 മുതൽ 6 വരെ ബേസിക് അപ്ലൈഡ് ഇക്കണോമെട്രിക്സ് ആന്റ് ബിസിനസ് അനലെടിക്സ് ഫോർ റിസർച്ച് എന്ന വിഷയത്തെ അധികരിച്ച് എ.ഐ.സി.ടി.ഇ. ട്രെയിനിംഗ് ആന്റ് ലേണിംഗ് അക്കാദമി ഫാക്കൽറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. വെബക്സ് ഓൺലൈൻ മാധ്യമത്തിലൂടെ നടത്തുന്ന വർക്ഷോപ്പിൽ ഇന്ത്യയിലെ പ്രമുഖരായ ഗവേഷക വിദഗ്ദ്ധൻമാർ ക്ലാസുകൾ കൈകാര്യം ചെയ്യും. ആഗസ്റ്റ് 2 ന് രാവിലെ 10 മണിക്ക് സർവകലാശാല പ്രോ-വൈസ് ചാൻസലർ പ്രൊഫ.ഡോ.പി.പി.അജയകുമാർ ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത പരിപാടിയിൽ വകുപ്പ് മേധാവി പ്രൊഫ. ഗബ്രിയേൽ സൈമൺ തട്ടിൽ, എ.ഐ.സി.ടി.ഇ. പ്രതിനിധികൾ, മുൻ വകുപ്പ്

മേധാവി പ്രൊഫ.ജി.രാജു, ഡീൻ പ്രൊഫ.റസിയ ബീഗം, പ്രൊഫ.പി.എൻ.ഹരികുമാർ, ഡോ.ബിജു ടി., പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ.ബിജു.എ.വി. തുടങ്ങിയവർ സംബന്ധിക്കും. ഇന്ത്യയിലെ വിവിധ സർവകലാശാലകളിൽ നിന്നുമായി തെരഞ്ഞെടുത്ത 200 അക്കാദമിക് പ്രതിനിധികൾ പങ്കെടുക്കും.

തിരുവനന്തപുരം,
20.07.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**